498906/2023/INWARD TC
/5740269/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

TRANSPORT COMMISSIONERATE
KERALA
INWARD No
RECEIVED ON
31 MAY 2023
TC | Addl TC | JTC & Secy STA | JTC (E) | AO | DTC (T) | FO | LO

3/5/23

ഗതാഗതം (സി) വകുപ്പ്

നമ്പർ.സി3/7/2023/ഗതാഗതം.

30-05-2023,തിരുവനന്തപുരം

അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി.

ശ്രീ.സി.പി.വർഗ്ഗീസ്,
വൈസ് പ്രസിഡന്റ് - കെ.ടി.ടി.എ,
ജില്ലാ കമ്മിറ്റി തൃശ്ശൂർ.
7/157/2 ഉദയനഗർ,
പി.ഒ ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ - 05.

സർ,

വിഷയം:- ഗതാഗതം - വിവരാവകാശം - അപ്പീൽ അപേക്ഷ - സംബന്ധിച്ച്.

സൂചന:- 1) 06/01/2023-ൽ ലഭിച്ച 02/01/2023-ലെ താങ്കളുടെ അപേക്ഷ.
2) 03/03/2023, 21/03/2023- തീയതികളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കത്തുകൾ.
3) 10/04/2023-ൽ ലഭിച്ച 04/04/2023-ലെ താങ്കളുടെ അപ്പീൽ അപേക്ഷ.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ടി അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഈ ഓഫിസിൽ ലഭ്യമല്ല.ആയതിനാൽ അപേക്ഷയിന്മേൽ നേരിട്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഗതാഗത കമ്മീഷണറേറ്റിലെ SPIO-യ്ക്ക് അയച്ചു കൊടുത്ത വിവരം അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

Sheela M

SHEELA M
JOINT SECRETARY
അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി.

പകർപ്പ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഗതാഗത കമ്മീഷണറേറ്റ്, തിരുവനന്തപുരം. (സൂചനയിലെ അപേക്ഷയുടെ പകർപ്പ് സഹിതം, അപേക്ഷകന് നേരിട്ട് വിവരം നൽകുന്നതിനായി).

# വിവരം ലഭിക്കുന്നതിനുള്ള അപേക്ഷ

## (2005 ലെ വിവരാവകാശ നിയമം 6-ാം വകുപ്പ്)

പ്രേക്ഷിതൻ,

സി.പി. വർഗ്ഗീസ്
വൈസ് പ്രസിഡന്റ് - കെ.ടി.ടി.എ
തൃശ്ശൂർ ജില്ലാ കമ്മിറ്റി
7/157/2 ഉദയനഗർ
പി.ഒ ഈസ്റ്റ് ഫോർട്ട്
തൃശ്ശൂർ-05

ഗതാഗത (ഒ.എസ്) വകുപ്പ്
06 JAN 2023
സെക്രട്ടേറിയറ്റ് തപാൽ

10 COURT FEE Rs.10 INDIA TEN RUPEES

സ്വീകർത്താവ്,

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫിസർ
ട്രാൻസ്പോർട്ട് സെക്രട്ടറിയുടെ കാര്യാലയം
സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം : മോട്ടോർ വാഹന വകുപ്പ് - 2005 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

1.ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സ്) കെ. മനോജ് കുമറിനെ മോട്ടോർ വാഹന വകുപ്പിൽ നിയമച്ചിത് പി.എസ്.സി. നിയമനം വഴിയാണോ, ആസ്യത നിയമനം വഴിയാണോ എന്നതു സംബന്ധിച്ച വിവരവും.

2.ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സ്) കെ. മനോജ് കുമാർ മോട്ടോർ വാഹന വകുപ്പിൽ പ്രവേശിച്ചപ്പോൾ സമർപ്പിച്ച് വർക്ക്ഷോപ്പ് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ കോപ്പിയും, മാസ്റ്ററോൾ വേജ് റെജിസ്റ്റർ എന്നിവയുടെ പകർപ്പും.

3. 29/11/2022 തീയിയിലെ സി2/105/2022-ടിസി നമ്പർ പ്രകാരം ഒരു കത്ത് ലഭിക്കുകയുണ്ടായി (കത്ത് ഉള്ളടക്കം) പ്രസ്തുത കത്തിൽ സംസ്ഥാനത്തെ റോഡ് അപകടങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചതെന്നു പറയുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് രൂപീകരിച്ച സേഫ് കേരള എൻഫോഴ്സ്മെന്റ് നിലവിൽ വന്നതിനുശേഷം ഇന്നു വരെ അപടങ്ങൾ കൂടുകയാണ് ഉണ്ടായത്. അപകടങ്ങൾ കുറച്ചു എന്നതു സംബന്ധിച്ചുള്ള 2020 മുതൽ 2022 വരെയുള്ള ഓരോ അപകടങ്ങളെ സംബന്ധിച്ച വിശദമായ കണക്ക് ജില്ല തിരിച്ച് ഉള്ള കണക്ക് ലഭ്യമാക്കണം.

4.2020 വർഷത്തിൽ ചരക്കു വാഹനങ്ങളിൽ ഓവർലോഡ് കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് 2863 ചെക്ക് റിപ്പോർട്ടുകളും നൽകിയിട്ടുണ്ട്, 2021 ൽ 3952 ചെക്ക് റിപ്പോർട്ടുകളും , 2022 ൽ 3288 ചെക്ക് റിപ്പോർട്ടുകളും നൽകിയിട്ടുണ്ട് എന്ന് മുകളിൽ പറഞ്ഞ കത്തിൽ പ്രതിദാതിക്കുന്നുണ്ട്. ഇതിൽ പറയുന്ന 3 വർഷത്തെ ചെക്ക് റിപ്പോർട്ടുകളിൽ എത്ര ചെക്ക് റിപ്പോർട്ടുകൾ കോടതിയിലേക്ക് പ്രോസിക്യൂഷനു നൽകിയിട്ടുണ്ട് എന്നതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കും.

5.2020 ൽ ഫൈൻ ആയി 178560584 രൂപയും, 2021 ൽ 473016025 രൂപയും, 2022 ൽ 193400470 രൂപയും ഫൈൻ ആയി ഈടാക്കിയുട്ടുണ്ടെന്ന് ടി കത്തിൽ പറയുന്നുണ്ട്, ഈ ഫൈൻ സംഖ്യ സർക്കാരിന്റെ ഏതു ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നതു സംബന്ധിച്ച കൃത്യമായ കണക്കും, ആയതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പിയും.

6. ടി കത്തിൽ സംസ്ഥാനത്ത് നടക്കുന്ന ഓരോ വാഹന അപകടങ്ങളും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൃത്യമായി പരിശോധച്ച് അപകടം ഉണ്ടാകൻ ഇടയായ കാരണം മനസിലാക്കി വീണ്ടും ഇത്തരത്തിൽ അപകടം ഉണ്ടാകാതിരിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട് എന്നു പറയുന്നു. ആയതു പ്രകാരം ഇത്തരത്തിൽ സംസ്ഥാനത്തു നടക്കുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചു കൊടുത്ത റിപ്പോർട്ടിന്റെ പകർപ്പും.

7.ഇന്നലെ സംസ്ഥാനത്ത് വ്യത്യസ്ത അപകടങ്ങളിൽ 7 പേരും തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ മാസത്തിൽ 2 ദിവസത്തിൽ മാത്രം 14 പേർ മരിച്ചു, സംസ്ഥാനത്ത് ഡിസംബർ മാസത്തിൽ മൊത്തം അപകടത്തിൽ മരിച്ച വരുടെ കണക്കും. മരിച്ചവർ എത്രയെന്നും ഉള്ള കണക്ക് എൻഫോഴ്സ്മെന്റ് സേഫ് കേരള വശം ഉള്ളത് സംബന്ധിച്ചുള്ള പകർപ്പും. കൂടാതെ 2023 ജനുവരി 2 ലെ മനോരമ ദിന പത്രത്തിൽ കേരളത്തിൽ അപടങ്ങളിലായി 2020 ൽ 2979 പേര് സംസ്ഥാനത്ത് മരിച്ചത് എന്നും, രാജ്യത്ത് അപകടങ്ങൾ ഉണ്ടാക്കുന്ന അഞ്ചാമത്തെ സംസ്ഥാനമാണ് കേരളമെന്നും പ്രസ്തുത വാർത്തയിൽ പറയുന്നുണ്ട്.(പത്ര വാർത്ത ഉള്ളടക്കം) എന്നാൽ അപകടങ്ങൾ കുറക്കാൻ സാധിച്ചുവെന്ന മുകളിൽ പറഞ്ഞ കത്തിലെ കണക്ക് തെറ്റായിട്ടുള്ളതാണ്. ഇത്തരത്തിൽ ഉള്ള തെറ്റായ കണക്ക് തരാനുണ്ടായ കാരണം എന്താണെന്നും ആയതിനുണ്ടായ സാഹചര്യം എന്താണെന്നും സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും. 2005 ലെ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

തൃശ്ശൂർ
02/01/2023

സി.പി. വർഗ്ഗീസ്